**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1711** **02-02-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ 9 കൃഷി ഭവനുകളിലും കൃഷി ഓഫീസർമാർ ഉൾപ്പെടെ വിവിധ തസ്തികകളിലുള്ള ജീവനക്കാരുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഏതൊക്കെ കൃഷി ഭവനുകളിലാണ് കൃഷി ഓഫീസർമാർ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.<br>• കറുകുറ്റി, കാലടി, പാറക്കടവ് എന്നീ കൃഷി ഭവനുകളിലാണ് നിലവിൽ കൃഷി ഓഫീസർമാർ ഇല്ലാത്തത്. |
| (ബി) | അങ്കമാലി നിയോജകണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകുവാനുള്ള നഷ്ടപരിഹാര തുക കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഇനി വേണ്ടതെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കൃഷി ഭവനുകളിലെ ജീവനക്കാരുടെ അഭാവവും നഷ്ടപരിഹാര തുക നൽകുന്നതിലെ കാലതാമസവും പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ജീവനക്കാർ ഇല്ലാത്ത തസ്തികകളിൽ അധിക ചുമതല നൽകി ചുമതലകൾ നിർവ്വഹിക്കുന്നുണ്ട്. നിലവിലുള്ള വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് 2023-24 വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികം തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

അങ്കമാലി  നിയോജക മണ്ഡലത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നൽകുവാനുള്ള നഷ്ടപരിഹാര തുകയുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ

**പ്രകൃതി ക്ഷോഭം**

| ക്രമ നമ്പർ | കൃഷി ഭവൻ | കർഷകരുടെ എണ്ണം | | ലഭ്യമാക്കാനുള്ള തുക | |
|---|---|---|---|---|---|
| | | GOK | SDRF | GOK | SDRF |
| 1 | കറുകുറ്റി | 210 | 148 | 1209330 | 112412 |
| 2 | മലയാറ്റൂർ | 271 | 186 | 1453796 | 137754 |
| 3 | അയ്യംമ്പുഴ | 111 | 35 | 186668 | 18174 |
| 4 | കാലടി | 220 | 93 | 1425595 | 82517 |
| 5 | മഞ്ഞപ്ര | 283 | 75 | 413434 | 49243 |
| 6 | മൂക്കന്നൂർ | 51 | 28 | 198357 | 31651 |
| 7 | അങ്കമാലി | 252 | 201 | 1622264 | 251135 |
| 8 | തുറവൂർ | 86 | 48 | 473218 | 41014 |
| ആകെ | | 1484 | 814 | 6982662 | 723900 |

**വിള ഇൻഷ്വറൻസ്**

| ക്രമ നമ്പർ | കൃഷി ഭവൻ | കർഷകരുടെ എണ്ണം | ലഭ്യമാക്കാനുള്ള തുക |
|---|---|---|---|
| 1 | കറുകുറ്റി | 17 | 195600 |
| 2 | മലയാറ്റൂർ | 19 | 334670 |
| 3 | അയ്യംമ്പുഴ | 54 | 518060 |
| 4 | കാലടി | 6 | 78900 |
| 5 | മഞ്ഞപ്ര | 14 | 177600 |
| 6 | മൂക്കന്നൂർ | 8 | 114840 |
| 7 | അങ്കമാലി | 1 | 1610 |
| 8 | തുറവൂർ | 1 | 41400 |
| ആകെ | | 120 | 1462680 |